**15 -ാം കേരള നിയമസഭ**

**12 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1914** **11-10-2024 - ൽ മറുപടിയ്ക്ക്**

**കാസർഗോഡ് മുൻസിപ്പൽ സ്റ്റേഡിയം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. എൻ. എ. നെല്ലിക്കുന്ന്** | | **ശ്രീ. വി. അബ്ദുറഹിമാൻ (ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ് തീർത്ഥാടന വകുപ്പ് മന്ത്രി)** | |
| (എ) | കാസർഗോഡ് മുൻസിപ്പൽ സ്റ്റേഡിയം നവീകരിക്കുന്നതിന് പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകാമോ; | (എ) | 2023-24 സാമ്പത്തിക വർഷത്തെ വിശദമായ ബഡ്ജറ്റ് എസ്റ്റിമേറ്റിലെ അനുബന്ധം - 2 ൽ ക്രമ നം. 1622 ആയി കാസർഗോഡ് മണ്ഡലത്തിലെ കാസർഗോഡ് മുനിസിപ്പൽ സ്റ്റേഡിയത്തിലെ 400 മീറ്റർ സിന്തറ്റിക്ക് ട്രാക്ക് & ഫിറ്റ്നസ് സെന്റർ നിർമ്മാണത്തിനായി 400 ലക്ഷം രൂപ അടങ്കൽ തുക കണക്കാക്കിയും 20% തുക 2023-24 സാമ്പത്തിക വർഷത്തെ ബഡ്ജറ്റ് വിഹിതമായും വകയിരുത്തിയിട്ടുണ്ട്. സ്പോർട്സ് കേരള ഫൗണ്ടേഷൻ ഉദ്യോഗസ്ഥർ 03.06.2023 ന് ബഹു. എം.എൽ.എയുടെ നിർദ്ദേശാനുസരണം മുനിസിപ്പാലിറ്റി അധികൃതരുടെ സാന്നിദ്ധ്യത്തിൽ സ്റ്റേഡിയം സന്ദർശിക്കുകയും യോഗം ചേരുകയും ചെയ്തിട്ടുണ്ട്. സ്റ്റേഡിയം നിലവിൽ പോലീസ് പരേഡ് ഗ്രൗണ്ട് ആയതിനാൽ ബഹു. എം.എൽ.എ മുഖാന്തിരം ജില്ലാ കളക്ടർ, പോലീസ് സൂപ്രണ്ട് എന്നിവർ സംയുക്തമായി യോഗം ചേരുവാൻ തീരുമാനിച്ചു. 8 നിര സിന്തറ്റിക്ക് ട്രാക്ക്, ഇലവൻസ് ഫുട്ബോൾ ഗ്രൗണ്ട്, ഗ്രൗണ്ടിലേക്ക് ആവശ്യമായ ഫ്ളെഡ് ലൈറ്റ്, ഡ്രെയിനേജ് ഉടങ്ങിയ പ്രവൃത്തികൾ ചെയ്യുവാൻ ടി യോഗത്തിൽ തീരുമാനിച്ചു. 8 നിര സിന്തറ്റിക്ക് ട്രാക്ക് ചെയ്യുമ്പോൾ നിലവിൽ ഉള്ള ഗ്യാലറിയുടെ കുറച്ച് ഭാഗം പൊളിച്ച് നീക്കേണ്ടതായി വരുന്നുണ്ട്.<br><br>ഈ പദ്ധതിക്കായി 10 കോടിയോളം രൂപ ആവശ്യമായതിനാൽ ഈ പദ്ധതി ബഹു. എം.എൽ.എ മുഖാന്തിരം കെ.ഡി.പി (കാസർഗോഡ് ഡെവലപ്മെന്റ് പാക്കേജ്) പദ്ധതിയിൽ ഉൾപ്പെടുത്താൻ സാധിക്കുമോ എന്ന് പരിശോധിക്കാൻ യോഗത്തിൽ ചർച്ച ചെയ്തു. 05.08.2023 തീയ്യതിയിൽ ബഹു. എം.എൽ.എയുടെ സാന്നിദ്ധ്യത്തിൽ മുനിസിപ്പാലിറ്റി ഓഫീസിൽ യോഗം ചേരുകയും ഈ പദ്ധതി കെ.ഡി.പി (കാസർഗോഡ് |

| | | | |
|---|---|---|---|
| | | | ഡെവലപ്മെന്റ് പാക്കേജ്) പദ്ധതിയിൽ ഉൾപ്പെടുത്തുവാനുള്ള ശിപാർശ സമർപ്പിക്കുവാനും തീരുമാനിച്ചു. കൂടാതെ കിഫ്ബി ഫണ്ടിൽ ഉൾപ്പെടുത്തി മുഴുവൻ തുകയും അനുവദിക്കുവാൻ സാധിക്കുമോ എന്ന കാര്യം അന്വേഷിക്കുവാനും തീരുമാനിച്ചു. നിലവിൽ പരേഡ് ഗ്രൗണ്ട് ആയതിനാൽ അത് മാറ്റി സിന്തറ്റിക്ക് ട്രാക്ക് ഉൾപ്പെടെയുള്ള ഗ്രൗണ്ട് ആക്കി മാറ്റുവാൻ ജില്ലാ കളക്ടർക്കും, പോലീസ് സൂപ്രണ്ടിനും ബഹു. എം.എൽ.എയുടെ കത്ത് നൽകുവാനും യോഗത്തിൽ തീരുമാനിച്ചു.<br><br>എന്നാൽ ടി പരേഡ് ഗ്രൗണ്ടിൽ സിന്തറ്റിക്ക് ട്രാക്ക് ഉൾപ്പെടെ നിർമ്മിക്കുന്നത് സംബന്ധിച്ച് തുടർ തീരുമാനമൊന്നും ലഭിച്ചിരുന്നില്ല. തുടർന്ന് കാസർഗോഡ് മുനിസിപ്പാലിറ്റി എഞ്ചിനീയറിംഗ് വിഭാഗം 07.12.2023 ൽ ആവശ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ ടി പദ്ധതിക്കായി 10 കോടി രൂപയുടെ ഡി.പി.ആർ തയ്യാറാക്കി 28.12.2023 തീയ്യതിയിൽ അമൃത് മിഷൻ പദ്ധതിയിലേക്ക് സമർപ്പിക്കുവാൻ കാസർഗോഡ് മുനിസിപ്പാലിറ്റിയ്ക്ക് സമർപ്പിച്ചിരുന്നു. ആയതിന്റെ അംഗീകാരമൊന്നും നാളിതുവരെ ലഭിച്ചിട്ടില്ല. |
| (ബി) | ഈ സ്റ്റേഡിയം നവീകരിക്കുന്നതിന് ബഡ്ജറ്റിൽ തുക വകയിരുത്തിയിട്ടുണ്ടോ; എങ്കിൽ ഏതു വർഷത്തെ ബജറ്റിൽ എത്ര രൂപയാണ് വകയിരുത്തിയതെന്ന് തരംതിരിച്ച് വ്യക്തമാക്കാമോ; | (ബി) | 2023-24 സാമ്പത്തിക വർഷത്തെ വിശദമായ ബഡ്ജറ്റ് എസ്റ്റിമേറ്റിലെ അനുബന്ധം - 2 ൽ ക്രമ നം. 1622 ആയി കാസർഗോഡ് മണ്ഡലത്തിലെ കാസർഗോഡ് മുനിസിപ്പൽ സ്റ്റേഡിയത്തിലെ 400 മീറ്റർ സിന്തറ്റിക്ക് ട്രാക്ക് & ഫിറ്റ്നസ് സെന്റർ നിർമ്മാണത്തിനായി 400 ലക്ഷം രൂപ അടങ്കൽ തുക കണക്കാക്കിയും 20% തുക 2023-24 സാമ്പത്തിക വർഷത്തെ ബഡ്ജറ്റ് വിഹിതമായും വകയിരുത്തിയിട്ടുണ്ട്. സ്പോർട്സ് കേരള ഫൗണ്ടേഷൻ ഉദ്യോഗസ്ഥർ 03.06.2023 ന് ബഹു. എം.എൽ.എയുടെ നിർദ്ദേശാനുസരണം മുനിസിപ്പാലിറ്റി അധികൃതരുടെ സാന്നിദ്ധ്യത്തിൽ സ്റ്റേഡിയം സന്ദർശിക്കുകയും യോഗം ചേരുകയും ചെയ്തിട്ടുണ്ട്. സ്റ്റേഡിയം നിലവിൽ പോലീസ് പരേഡ് ഗ്രൗണ്ട് ആയതിനാൽ ബഹു. എം.എൽ.എ മുഖാന്തിരം ജില്ലാ കളക്ടർ, പോലീസ് സൂപ്രണ്ട് എന്നിവർ സംയുക്തമായി യോഗം ചേരുവാൻ തീരുമാനിച്ചു. 8 നിര സിന്തറ്റിക്ക് ട്രാക്ക്, ഇലവൻസ് ഫുട്ബോൾ ഗ്രൗണ്ട്, ഗ്രൗണ്ടിലേക്ക് ആവശ്യമായ ഫ്ളെഡ് ലൈറ്റ്, ഡ്രെയിനേജ് തുടങ്ങിയ പ്രവൃത്തികൾ ചെയ്യുവാൻ ടി യോഗത്തിൽ തീരുമാനിച്ചു. 8 നിര സിന്തറ്റിക്ക് ട്രാക്ക് ചെയ്യുമ്പോൾ നിലവിൽ ഉള്ള ഗ്യാലറിയുടെ കുറച്ച് ഭാഗം പൊളിച്ച് നീക്കേണ്ടതായി വരുന്നുണ്ട്. |

| | | | |
|---|---|---|---|
| | | | ഈ പദ്ധതിക്കായി 10 കോടിയോളം രൂപ ആവശ്യമായതിനാൽ ഈ പദ്ധതി ബഹു. എം.എൽ.എ മുഖാന്തിരം കെ.ഡി.പി (കാസർഗോഡ് ഡെവലപ്മെന്റ് പാക്കേജ്) പദ്ധതിയിൽ ഉൾപ്പെടുത്താൻ സാധിക്കുമോ എന്ന് പരിശോധിക്കാൻ യോഗത്തിൽ ചർച്ച ചെയ്തു. 05.08.2023 തീയതിയിൽ ബഹു. എം.എൽ.എയുടെ സാന്നിദ്ധ്യത്തിൽ മുനിസിപ്പാലിറ്റി ഓഫീസിൽ യോഗം ചേരുകയും ഈ പദ്ധതി കെ.ഡി.പി (കാസർഗോഡ് ഡെവലപ്മെന്റ് പാക്കേജ്) പദ്ധതിയിൽ ഉൾപ്പെടുത്തുവാനുള്ള ശിപാർശ സമർപ്പിക്കുവാനും തീരുമാനിച്ചു. കൂടാതെ കിഫ്ബി ഫണ്ടിൽ ഉൾപ്പെടുത്തി മുഴുവൻ തുകയും അനുവദിക്കുവാൻ സാധിക്കുമോ എന്ന കാര്യം അന്വേഷിക്കുവാനും തീരുമാനിച്ചു. നിലവിൽ പരേഡ് ഗ്രൗണ്ട് ആയതിനാൽ അത് മാറ്റി സിന്തറ്റിക്ക് ട്രാക്ക് ഉൾപ്പെടെയുള്ള ഗ്രൗണ്ട് ആക്കി മാറ്റുവാൻ ജില്ലാ കളക്ടർക്കും, പോലീസ് സൂപ്രണ്ടിനും ബഹു. എം.എൽ.എയുടെ കത്ത് നൽകുവാനും യോഗത്തിൽ തീരുമാനിച്ചു.<br><br>എന്നാൽ ടി പരേഡ് ഗ്രൗണ്ടിൽ സിന്തറ്റിക്ക് ട്രാക്ക് ഉൾപ്പെടെ നിർമ്മിക്കുന്നത് സംബന്ധിച്ച് തുടർ തീരുമാനമൊന്നും ലഭിച്ചിരുന്നില്ല. തുടർന്ന് കാസർഗോഡ് മുനിസിപ്പാലിറ്റി എഞ്ചിനീയറിംഗ് വിഭാഗം 07.12.2023 ൽ ആവശ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ ടി പദ്ധതിക്കായി 10 കോടി രൂപയുടെ ഡി.പി.ആർ തയ്യാറാക്കി 28.12.2023 തീയതിയിൽ അമൃത് മിഷൻ പദ്ധതിയിലേക്ക് സമർപ്പിക്കുവാൻ കാസർഗോഡ് മുനിസിപ്പാലിറ്റിയ്ക്ക് സമർപ്പിച്ചിരുന്നു. ആയതിന്റെ അംഗീകാരമൊന്നും നാളിതുവരെ ലഭിച്ചിട്ടില്ല. |
| (സി) | ബഡ്ജറ്റിൽ വകയിരുത്തിയ തുക ചെലവഴിച്ച് പ്രവൃത്തി നടപ്പാക്കാൻ എന്തൊക്കെ ചെയ്തിട്ടുണ്ടെന്ന് വ്യക്തമാക്കാമോ; ബജറ്റിൽ തുക വകയിരുത്തിയിട്ടും പ്രസ്തുത പദ്ധതിക്ക് തുടക്കം കുറിക്കാൻ സാധിക്കാത്തത് എന്തുകൊണ്ടാണെന്ന് വ്യക്തമാക്കാമോ; | (സി) | 2023-24 സാമ്പത്തിക വർഷത്തെ വിശദമായ ബഡ്ജറ്റ് എസ്റ്റിമേറ്റിലെ അനുബന്ധം - 2 ൽ ക്രമ നം. 1622 ആയി കാസർഗോഡ് മണ്ഡലത്തിലെ കാസർഗോഡ് മുനിസിപ്പൽ സ്റ്റേഡിയത്തിലെ 400 മീറ്റർ സിന്തറ്റിക്ക് ട്രാക്ക് & ഫിറ്റ്നസ് സെന്റർ നിർമ്മാണത്തിനായി 400 ലക്ഷം രൂപ അടങ്കൽ തുക കണക്കാക്കിയും 20% തുക 2023-24 സാമ്പത്തിക വർഷത്തെ ബഡ്ജറ്റ് വിഹിതമായും വകയിരുത്തിയിട്ടുണ്ട്. സ്പോർട്സ് കേരള ഫൗണ്ടേഷൻ ഉദ്യോഗസ്ഥർ 03.06.2023 ന് ബഹു. എം.എൽ.എയുടെ നിർദ്ദേശാനുസരണം മുനിസിപ്പാലിറ്റി അധികൃതരുടെ സാന്നിദ്ധ്യത്തിൽ സ്റ്റേഡിയം സന്ദർശിക്കുകയും യോഗം ചേരുകയും ചെയ്തിട്ടുണ്ട്. സ്റ്റേഡിയം നിലവിൽ പോലീസ് പരേഡ് ഗ്രൗണ്ട് ആയതിനാൽ ബഹു. എം.എൽ.എ മുഖാന്തിരം |

| | | | |
|---|---|---|---|
| | | | ജില്ലാ കളക്ടർ, പോലീസ് സൂപ്രണ്ട് എന്നിവർ സംയുക്തമായി യോഗം ചേരുവാൻ തീരുമാനിച്ചു. 8 നിര സിന്തറ്റിക്ക് ട്രാക്ക്, ഇലവൻസ് ഫുട്ബോൾ ഗ്രൗണ്ട്, ഗ്രൗണ്ടിലേക്ക് ആവശ്യമായ ഫ്ളെഡ് ലൈറ്റ്, ഡ്രെയിനേജ് ഉടങ്ങിയ പ്രവൃത്തികൾ ചെയ്യുവാൻ ടി യോഗത്തിൽ തീരുമാനിച്ചു. 8 നിര സിന്തറ്റിക്ക് ട്രാക്ക് ചെയ്യുമ്പോൾ നിലവിൽ ഉള്ള ഗ്യാലറിയുടെ കുറച്ചു ഭാഗം പൊളിച്ച് നീക്കേണ്ടതായി വരുന്നുണ്ട്.<br><br>ഈ പദ്ധതിക്കായി 10 കോടിയോളം രൂപ ആവശ്യമായതിനാൽ ഈ പദ്ധതി ബഹു. എം.എൽ.എ മുഖാന്തിരം കെ.ഡി.പി (കാസർഗോഡ് ഡെവലപ്മെന്റ് പാക്കേജ്) പദ്ധതിയിൽ ഉൾപ്പെടുത്താൻ സാധിക്കുമോ എന്ന് പരിശോധിക്കാൻ യോഗത്തിൽ ചർച്ച ചെയ്തു. 05.08.2023 തീയ്യതിയിൽ ബഹു. എം.എൽ.എയുടെ സാന്നിദ്ധ്യത്തിൽ മുനിസിപ്പാലിറ്റി ഓഫീസിൽ യോഗം ചേരുകയും ഈ പദ്ധതി കെ.ഡി.പി (കാസർഗോഡ് ഡെവലപ്മെന്റ് പാക്കേജ്) പദ്ധതിയിൽ ഉൾപ്പെടുത്തുവാനുള്ള ശിപാർശ സമർപ്പിക്കുവാനും തീരുമാനിച്ചു. കൂടാതെ കിഫ്ബി ഫണ്ടിൽ ഉൾപ്പെടുത്തി മുഴുവൻ തുകയും അനുവദിക്കുവാൻ സാധിക്കുമോ എന്ന കാര്യം അന്വേഷിക്കുവാനും തീരുമാനിച്ചു. നിലവിൽ പരേഡ് ഗ്രൗണ്ട് ആയതിനാൽ അത് മാറ്റി സിന്തറ്റിക്ക് ട്രാക്ക് ഉൾപ്പെടെയുള്ള ഗ്രൗണ്ട് ആക്കി മാറ്റുവാൻ ജില്ലാ കളക്ടർക്കും, പോലീസ് സൂപ്രണ്ടിനും ബഹു. എം.എൽ.എയുടെ കത്ത് നൽകുവാനും യോഗത്തിൽ തീരുമാനിച്ചു.<br><br>എന്നാൽ ടി പരേഡ് ഗ്രൗണ്ടിൽ സിന്തറ്റിക്ക് ട്രാക്ക് ഉൾപ്പെടെ നിർമ്മിക്കുന്നത് സംബന്ധിച്ച് തുടർ തീരുമാനമൊന്നും ലഭിച്ചിരുന്നില്ല. തുടർന്ന് കാസർഗോഡ് മുനിസിപ്പാലിറ്റി എഞ്ചിനീയറിംഗ് വിഭാഗം 07.12.2023 ൽ ആവശ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ ടി പദ്ധതിക്കായി 10 കോടി രൂപയുടെ ഡി.പി.ആർ തയ്യാറാക്കി 28.12.2023 തീയ്യതിയിൽ അമൃത് മിഷൻ പദ്ധതിയിലേക്ക് സമർപ്പിക്കുവാൻ കാസർഗോഡ് മുനിസിപ്പാലിറ്റിയ്ക്ക് സമർപ്പിച്ചിരുന്നു. ആയതിന്റെ അംഗീകാരമൊന്നും നാളിതുവരെ ലഭിച്ചിട്ടില്ല. |
| (ഡി) | കാസർഗോഡ് നഗരസഭയിൽ പിങ്ക് സ്റ്റേഡിയം നിർമ്മിക്കാൻ ആലോചിക്കുന്നുണ്ടോ; എങ്കിൽ അതിനുള്ള ചർച്ചയോ സ്ഥലപരിശോധനയോ നടത്തിയിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ? | (ഡി) | കാസർഗോഡ് തളിപ്പടപ്പ് സ്റ്റേഡിയം പിങ്ക് സ്റ്റേഡിയം ആക്കി നവീകരിക്കുവാൻ വേണ്ടി 03.06.2023, 05.08.2023 തീയതികളിലെ യോഗത്തിൽ തീരുമാനിച്ചിരുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ സ്പോർട്സ് കേരള ഫൗണ്ടേഷൻ ഉദ്യോഗസ്ഥർ ബഹു. എം.എൽ.എയുടെ നിർദ്ദേശാനുസരണം |

| | | | |
|---|---|---|---|
| | | | മുനിസിപ്പാലിറ്റി അധികൃതരുടെ സാന്നിദ്ധ്യത്തിൽ സ്റ്റേഡിയം സന്ദർശിക്കുകയും ആയതിന്റെ അടിസ്ഥാനത്തിൽ മാസ്റ്റർപ്ലാൻ തയ്യാറാക്കുകയും ചെയ്തിട്ടുണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ വിശദമായ എസ്റ്റിമേറ്റ് തയ്യാറാക്കി ഉടൻ തന്നെ ഭരണാനുമതിക്കുള്ള നടപടി സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ